പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 454 30.06.2014-ൽ മറുപടിക്ക്

## ദീർഘദൂര സർവ്വീസുകളിലെ ഡ്രൈവർമാർക്ക് വിശ്രമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ :<br>ഡോ. എൻ. ജയരാജ് :<br>ശ്രീ. പി.സി. ജോർജ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അന്യസംസ്ഥാനത്തേക്ക് ദീർഘദൂര സർവ്വീസ് നടത്തുന്ന കെ.എസ്. ആർ.ടി.സി. ബസുകളിൽ ഒരു സർവ്വീസിന് അനുവദിച്ചിട്ടുള്ള ഡ്രൈവർമാരുടെ എണ്ണം എത്രയാണ് ; ഡ്രൈവർമാരുടെ എണ്ണം കുറയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (എ) | കെ.എസ്.ആർ.ടി.സി നടത്തുന്ന എല്ലാ ദീർഘദൂര സർവ്വീസുകളിലും സാധാരണ ഗതിയിൽ ഒരു ഡ്രൈവറുടെ സേവനം മാത്രമേ ഉപയോഗിക്കാറുള്ളൂ. എന്നാൽ കെ. എസ്.ആർ.ടി.സി.യുടെ വിവിധ യൂണിറ്റുകളിൽ നിന്നും ബാംഗ്ലൂരിലേക്ക് നടത്തുന്ന ചില ദീർഘദൂര സർവ്വീസുകളിൽ ഒന്നിൽ കൂടുതൽ ഡ്രൈവർമാരുടെ സേവനം ഉപയോഗിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ നടത്തപ്പെടുന്ന സർവ്വീസുകളിൽ ഓരോ ഡ്രൈവറെ നിയോഗിച്ച് ഏതെങ്കിലും പ്രധാന യൂണിറ്റിൽ ഡ്രൈവർ ചെയ്ഞ്ച് ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നടപ്പിൽ വരുത്തിവരികയാണ്. അതല്ലാതെ ഡ്രൈവർമാരുടെ എണ്ണം കുറക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല. |
| (ബി) | ദീർഘദൂര സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളിലെ ഡ്രൈവർമാർക്ക് ആവശ്യമായ വിശ്രമം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (ബി) | ദീർഘദൂര സർവ്വീസുകൾ നടത്തുന്ന കെ. എസ്.ആർ.ടി.സി ബസ്സുകളിലെ ഡ്രൈവർമാർക്ക് ആവശ്യത്തിന് വിശ്രമ സമയം ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. ആവശ്യത്തിന് വിശ്രമ സമയം കിട്ടുന്നില്ലായെന്ന പരാതി ലഭ്യമായാൽ ആയത് പരിശോധിച്ച് നടപടി സ്വീകരിച്ച് വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ